'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.907 — 30.10.2019 ന് മറുപടിയ്ക്ക്

### തേക്കടി വിനോദസഞ്ചാര കേന്ദ്രത്തിന്റെ വികസനവും സംരക്ഷണവും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീമതി ഇ.എസ്.ബിജിമോൾ | | അഡ്വ. കെ.രാജു<br><br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) | സംസ്ഥാനത്തെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതും പ്രദേശവാസികളുടെ പ്രധാന ഉപജീവനമാർഗ്ഗവുമായ തേക്കടി വിനോദസഞ്ചാര കേന്ദ്രത്തിന്റെ വികസനത്തിനും സംരക്ഷണത്തിനുമായി വനംവകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ; | (എ) | വിനോദ സഞ്ചാരികൾക്കായി ആനവച്ചാൽ ഭാഗത്ത് പാർക്കിംഗ് സംവിധാനം നിർമ്മാണം പൂർത്തിയാക്കി തുറന്നു കൊടുത്തിട്ടുള്ളതാണ്. ബോട്ട് ടിക്കറ്റ് ഈ പാർക്കിംഗ് ഗ്രൗണ്ടിൽ സഞ്ചാരികൾക്ക് ലഭ്യമാക്കി വരുന്നു. ബോട്ട് ലാന്റിംഗിൽ വിനോദ സഞ്ചാരികൾക്കായി കഫറ്റേറിയ, 3 ഡി തിയറ്റർ എന്നിവ ഉൾക്കൊള്ളുന്ന കഫറ്റേരിയ കം എന്റർ ടൈയ്ന്മെന്റ് സെന്റർ ഇക്കോടൂറിസം വകുപ്പിന്റെ ധനസഹായത്താൽ നിർമ്മാണം അവസാന ഘട്ടത്തിലാണ്. കുമളി ബസ് സ്റ്റാന്റിനു സമീപം ലോകോത്തര നിലവാരത്തിലുള്ള മോഡേൺ വൈൽഡ് ലൈഫ് ഇന്റർനാഷണൽ സെന്റർ (ടൈഗർ മ്യൂസിയം) നബാർഡിന്റെ ധനസഹായത്തോടെ നിർമ്മാണം അവസാന ഘട്ടത്തിലായിട്ടുണ്ട്. |
| (ബി) | അരനൂറ്റാണ്ടു കാലത്തിലധികമായി തേക്കടി വിനോദസഞ്ചാര കേന്ദ്രവുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തി വന്നിരുന്ന പ്രദേശത്തെ ടൂറിസ്റ്റ് ടാക്സി ഉടമകൾക്കും തൊഴിലാളികൾക്കും തേക്കടിയിൽ പുതുതായി ഏർപ്പെടുത്തിയിട്ടുള്ള വാഹന പാർക്കിംഗ് ക്രമീകരണം മൂലം ഉപജീവനമാർഗ്ഗം നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ വനംവകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ബി) | പ്രസ്തുത വിഷയത്തിൽ ഡി.റ്റി.പി.സി, കുമളി ഗ്രാമ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും സർക്കാരിലേയ്ക്ക് ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ 19.09.2019-ൽ ഇടുക്കി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ